**ധനകാര്യ വകുപ്പ് കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ**

57(5717) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ പരിശോധനാ വിഭാഗം 2018 മുതൽ നാളിതുവരെ വിവിധ ഓഫീസുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിലും/ഓഫീസുകളിലുമാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്നും ആയതിന്മേൽ സ്വീകരിച്ച തുടർനടപടി എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) സാമ്പത്തിക ക്രമക്കേട് നടത്തിയ സ്ഥാപനങ്ങളിൽ നിന്നും പ്രസ്തുത തുക തിരികെ സർക്കാരിലേയ്ക്ക് ഈടാക്കിയിട്ടുണ്ടോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) തുക തിരികെ അടയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാത്ത സ്ഥാപനങ്ങളുടെ മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ?

ധനകാര്യ പരിശോധന വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടുകളിന്മേൽ പലപ്പോഴും ഭരണ വകുപ്പ് സമയബന്ധിതമായി തുടർ നടപടി എടുക്കാതിരിക്കുന്നു എന്ന ആക്ഷേപം വിവിധ വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പരിശോധനാ റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളിന്മേൽ നടപടി എടുക്കുന്നതിൽ കാലവിളംബം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതാണെന്ന് വ്യക്തമാക്കിക്കൊണ്ട് 31-7-2018-ൽ സർക്കുലർ നമ്പർ 71/2018/ധന. പുറത്തിറക്കിയിട്ടുണ്ട്.

**കിഫ്ബി ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികൾ**

58(5718) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിഫ്ബി ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്ത് പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly